# വികസനത്തിന്റെ നേർക്കാഴ്ചകൾ തേടി
# ത്രിപുര ടീം കോട്ടയത്ത്

കേരളീയ ജീവിതത്തിന് പുതിയ അനുഭവവും പ്രതീക്ഷയുമേകിയ വികേന്ദ്രീകൃതാസൂത്രണപ്രവർത്തനങ്ങൾ,പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്, പിന്നിട്ട നാളുകളിൽ സാമൂഹ്യമേഖലയിൽ കുടുംബശ്രീ നടത്തിയ പ്രവർത്തനമികമിന്റെ നേർക്കാഴ്ചകൾ എന്നിവ കാണുന്നതിനും പഠിക്കുന്നതിനുമായി ത്രിപുരയിലെ ദാരിദ്ര്യനിർമ്മാർജ്ജനമിഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, സാമൂഹ്യസംഘടനാസംവിധാന പ്രതിനിധികൾ, ഉദ്യോഗസ്ഥർ അടക്കം 30 അംഗ ടീം കോട്ടയത്ത് എത്തി. ജില്ലയിലെ വാഴൂർ, ചിറക്കടവ് എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ടീം സന്ദർശനം നടത്തിയത്. പഞ്ചായത്തീരാജ് സംവിധാനം, പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്തും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ രൂപീകരണം അവയുടെ നിർവ്വഹണം എന്നിവ വിശദമായി പഠനവിധേയമാക്കി. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ വിവിധ ഘടകസ്ഥാപനങ്ങളായ കൃഷിഭവൻ,മൃഗാശുപത്രി, ആയുർവ്വേദആശുപത്രി, എൽ.പി.സ്ക്കൂൾ, അംഗൻവാടി, പി.എച്ച്.സെന്റർ, എന്നിവിടങ്ങളിൽ നേരിട്ടുപോകുകയും ഓരോന്നിന്റേയും ദൈനംദിന പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥ സംവിധാനങ്ങൾ, പദ്ധതികളുടെ നടത്തിപ്പ്, ഓഫീസ് സംവിധാനം എന്നിവ നേരിട്ട് പഠിക്കുന്നതിന് കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുമായുള്ള അഭിമുഖം സന്ദർശന ടീമിന് ഒരു നവ്യാനുഭവമായിരുന്നു. പഞ്ചായത്തിന്റെ ഘടന, വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അവയുടെ പ്രവർത്തനം, വാർഷിക പദ്ധതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പ് ഘടന, ഗ്രാമസഭാ സംഘാടനം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രീതി എന്നിവ വളരെ സവിസ്തരം ടീമംഘഹ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റ് 4 കോടിയിലധികമാണെന്ന അിറവ് പലരിലും അത്ഭുതമുളവാക്കി. ത്രിപുരയിൽ കേവലം 7 ലക്ഷം രൂപയാണ് ഒരു പഞ്ചായത്തിന്റെ വാർഷിക വരുമാനം.

കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരന്ന് സ്വന്തം ജീവിതവും ചുറ്റുമുള്ളവരുടെ ജീവിതവും മെച്ചപ്പെടുത്തിയ വനിതകളുടെ വിജയകഥകൾ പഠനസംഘത്തിന് പുതിയ അനുഭവങ്ങളാണ് സമ്മാനിച്ചത്. കുടുംബശ്രീ ത്രിതല സംഘടനാസംവിഘാനതതിന്റെ നേതൃത്വത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാ

ക്കുന്നു തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്, പൊതുവിദ്യാഭ്യാസ പ്രവർത്തന ത്തിൽ നടത്തുന്ന ഇടപെടലുകൾ, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ, കാർഷികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ, ചെറുകിട സംരംഭയൂണിറ്റുകൾ, ആശ്രയ, ബഡ്സ് സ്കൂളുകൾ, അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്, സി.ഡി.എസ് തുടങ്ങിയവ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിശദമായി ചോദിച്ചുമനസിലാക്കുകയും ചെയ്യ്തു. ഗ്രാമപഞ്ചായത്തും കുടുംബശ്രീ സംവിധാനങ്ങളും ചേർന്ന് സംഘ ത്തിന് കേരളതനിമ വിളിച്ചോതുന്ന തരത്തിൽ വളരെ ഹൃദ്യമായ സ്വീകരണമാണ് നൽകിയത്. സന്ദർശനാനന്തരം ടീമിന് ഓരോ പഞ്ചായത്തും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യ്തു. കേരളത്തിൽ നിന്നും പഠിച്ച കാര്യങ്ങൾ പ്രായോഗികമായി തങ്ങളുടെ പഞ്ചായത്തിൽ എങ്ങനെ നടപ്പിലാക്കുവാൻ സാധിക്കും എന്നതിനെ ക്കുറിച്ച് വിശദമായ ആക്ഷൻപ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചു. കേരളം എന്ത്കൊണ്ട് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നു എന്ന് ഞങ്ങൾ സ്വയം തിരിച്ചറിഞ്ഞു എന്നും പഠനസംഘം പറഞ്ഞു. ത്രിപുരയിലെ ഗോമതി ജില്ലയിലെ മതാബരി, കില്ല എന്നീ ബ്ലോക്കുകളിൽ നിന്നുള്ള 27 അംഗങ്ങളാണ് സന്ദർശന ടീമിൽ ഉണ്ടായിരുന്നത്.







